No. CEE/4600/2019/KEAM-2020/TA4

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# പത്രക്കുറിപ്പ്

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം– 2020 രണ്ടാം ഘട്ട ഓൺലൈൻ മോപ് അപ് അലോട്ട്മെന്റ് – ഓപ്ഷൻ കൺഫർമേഷനുള്ള അവസരം

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ ഫാർമസി കോഴ്സുകളിലെ ഒന്നാംഘട്ട മോപ്അപ് അലോട്ടുമെന്റിനു ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള രണ്ടാംഘട്ട മോപ്അപ് അലോട്ടുമെന്റ് നടപടികൾ 2020 നവംബർ 24 വൈകുന്നേരം മുതൽ ആരംഭിക്കുന്നു. 16.**11.2020 മുതൽ** 18.11.2020 ഉച്ചയ്ക്ക് 12.00 മണി വരെ വിദ്യാർത്ഥികൾ നൽകിയ ഒന്നാംഘട്ട മോപ്അപ് അലോട്ടുമെന്റിനു വേണ്ടിയുള്ള ഓൺലൈൻ ഓപ്ഷനുകൾ പരിഗണിച്ചാണ് രണ്ടാംഘട്ട മോപ്അപ് അലോട്ടുമെന്റ് നടത്തുന്നത്. രണ്ടാംഘട്ട മോപ്അപ് അലോട്ടുമെന്റിൽ പങ്കെടുക്കുന്നതിനായി വിദ്യാർത്ഥികൾ 24.11.2020 വൈകുന്നരം മുതൽ 26.11.2020 വരെ ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ഓപ്ഷൻ കൺഫർമേഷൻ നടത്താത്ത വിദ്യാർത്ഥികളെ രണ്ടാംഘട്ട മോപ്അപ് അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. വിശദമായ വിജ്ഞാപനത്തിനായി www.cee.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

**ഹെൽപ്പ് ലൈൻ നമ്പർ: 0471–2525300**

തിരുവനന്തപുരം
23.11.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**